## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 430

27.06.2014-ലെ മറുപടിക്ക്

## മുനിസിപ്പാലിറ്റികളിലെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ്<br>ശ്രീ.എം.ഹംസ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.സി.കൃഷ്ണൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വിവിധ മുനിസിപ്പാലിറ്റികളിൽ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവ നൽകുന്നതിനും പല സ്ഥാപനങ്ങൾക്കും നൽകേണ്ടുന്ന വായ്പാ തിരിച്ചടവുകൾ ഉൾപ്പെടെയുള്ള പണം ഒടുക്കലുകൾക്കും ചില നഗരസഭകൾക്ക് സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) മുനിസിപ്പാലിറ്റികളുടെ വരുമാന ശോഷണമാണ് ഈ അവസ്ഥയ്ക്ക് കാരണമെന്ന് കരുതുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | ബി) വസ്തുനികുതി പരിഷ്ക്കരണം നഗരസഭകൾ പൂർത്തിയാക്കാത്തതും ശേഖരിക്കാവുന്ന മുഴുവൻ തനത് വരുമാന സ്രോതസ്സുകളിൽ (വിവിധ നികുതികൾ) നിന്നുമുള്ള ധനം പൂർണമായി ശേഖരിക്കാതിരിക്കുന്നതും സാമ്പത്തിക ഞെരുക്കത്തിനുള്ള കാരണങ്ങളാണ്. |
| സി) അൺഎയ്ഡഡ് സ്കൂളുകളുടെ കെട്ടിട നികുതി ഒഴിവാക്കാൻ നിയമനിർമ്മാണം നടത്തുകവഴി സർക്കാരും മുനിസിപ്പാലിറ്റികളുടെ വരുമാനശോഷണത്തിന് കാരണമായിട്ടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;<br>ഡി) പ്രസ്തുത സാഹചര്യങ്ങളിൽ മുനിസിപ്പാലിറ്റികളെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) & ഡി)<br>ഇത്തരം ഒഴിവാക്കൽ നഗരസഭകൾക്ക് വരുമാനശോഷണത്തിന് കാരണമാകുമോയെന്ന് പ്രത്യേകമായി പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ